(ബി) മേൽ കേസ്സുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾ

63 (73) ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഏതൊക്കെ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പുതുതായി പി.എസ്.സി-ക്ക് വിട്ടത് എന്ന് വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇതു സംബന്ധിച്ച സ്പെഷ്യൽ റൂളുകൾ ഇനിയും തയ്യാറാകാനുള്ളത് എന്നറിയിക്കുമോ ;

(സി) നിയമനങ്ങൾ പി.എസ്.സി-ക്ക്വിട്ട് വർഷങ്ങളായിട്ടും ഇതിനായി സ്പെഷ്യൽ റൂളുകൾ തയ്യാറാക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി-ക്ക് വിട്ടത്.

1. തിരുവിതാകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾ
2. പൊല്യൂഷൻ കൺട്രോൾ ബോർഡ്
3. കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്
4. കേരള ഫീഡ്സ് ലിമിറ്റഡ്
5. കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ
6. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
7. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

നിയമനങ്ങൾ പി.എസ്.സി-ക്ക് കൈമാറാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ

64 (74) ശ്രീ. റ്റി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമനങ്ങൾ പി.എസ്.സി.-ക്ക് കൈമാറാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന യാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) നിയമനങ്ങൾ പി.എസ്.സി.-ക്ക് കൈമാറാത്ത പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ വിവിധ ഭരണവകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി-ക്ക് നൽകുന്നതിനുള്ള നടപടി

65 (75) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി-ക്കു വിടുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെന്നും, തീരുമാനമെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) ഒരു സ്ഥാപനത്തിലെ നിയമനം പി.എസ്.സി. ഏറ്റെടുക്കണമെങ്കിൽ അതിന് നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ ;

(സി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ പ്രഖ്യാപനമനുസരിച്ച് എത്ര സ്ഥാപനങ്ങളിലെ നിയമനം ഏറ്റെടുക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തി എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി.-ക്ക് വിട്ടതും വിടാത്തതുമായ സ്ഥാപനങ്ങളിൽ ജീവനക്കാരായി പി.എസ്.സി. മുഖാന്തിരമല്ലാതെ നിയമിക്കപ്പെട്ടവരെ പൂർണ്ണമായും ഒഴിവാക്കി പി.എസ്.സി. വഴിമാത്രം നിയമനം നൽകുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പി.എസ്.സി. മുഖേന നിയമനം നടത്താൻ തീരുമാനിച്ചശേഷം ഖണ്ഡിക(ഡി), റൂൾ 2 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻ & കമ്പനീസ്) റൂൾസ് 1971-ൽ ആവശ്യമായ ഭേദഗതിവരുത്തുക, സ്ഥാപനത്തിന്റെ റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കുക, റൂൾസിന് സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവയുടെ അംഗീകാരം ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ചെയ്യേണ്ടതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അംഗീകൃത മാനദണ്ഡമനുസരിച്ചല്ലാതെ നിയമനം നടന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം അത്തരക്കാരെ ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly